"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി.- കോവളം - ബേക്കൽ ജലപാതാ വികസനം - കാസറഗോഡ് ജില്ലയിൽ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാലിന്റെയും, നമ്പ്യാർക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്കിന്റെയും നിർമ്മാണം - സ്ഥലം ഏറ്റെടുക്കൽ- പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2025/CSIND തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:-
1. 26/02/2021 ലെ സ.ഉ. (കൈ.)നം.4/2021/സി.എസ്.ഐ.എൻ.ഡി.
2. 01/12/2022 ലെ സ.ഉ.(കൈ.) നം.5/2022 സി.എസ്.ഐ.എൻ.ഡി
3. 17/12/2022 തീയതിയിലെ സ.ഉ.(സാധാ.) നം.5125/2022/റവന്യൂ
4. കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി.(ക്വിൽ) , ചീഫ് എഞ്ചിനീയറുടെ 16/05/2024 ലെ KWIL/CE/N-B/21/2024 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് നീലേശ്വരം വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും, നമ്പ്യാർക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനുമുള്ള പദ്ധതിക്കായി 124 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 186 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്നു. തുടർന്ന് അജാനൂർ, ബെല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് വില്ലേജുകളിലായി ആകെ 44.156 ഹെക്ടർ സ്ഥലം ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 178,15,18,655/- രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് റവന്യൂ വകുപ്പിന്റെ അനുമതി പരാമർശം (3) ലെ ഉത്തരവിൻ പ്രകാരം ലഭ്യമായിരുന്നതുമാണ്.

2. ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ ശേഷം റവന്യൂ വകുപ്പ് ബെല്ല വില്ലേജിന്റെ റീസർവ്വേ നമ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പഴയ സർവേ നമ്പറുകൾക്ക് പകരം റീസർവേ നമ്പറുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും, അജാനൂർ, ഹോസ്ദുർഗ്, വില്ലേജുകളിലെ ചില സർവേ നമ്പറുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അവയും ഉൾപ്പെടുത്തണമെന്നും പ്രാഥമിക സ്ഥലപരിശോധനക്കു ശേഷം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ (യൂണിറ്റ് നം.3, LA — PWD കാസറഗോഡ്) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൂടാതെ നമ്പ്യാർക്കൽ ലോക്ക് ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ ശരിയായ നിർമ്മാണത്തിനും ലോക്ക് ഓപ്പറേറ്റർമാരുടെ മുറിയും ജനറേറ്റർ റൂമും

നിർമ്മിക്കുന്നതിനും കാഞ്ഞങ്ങാട് വില്ലേജിൽ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും അതിൻ പ്രകാരം വിശദമായ കണക്കുകൂട്ടലിൽ, മൊത്തം സ്ഥലം ഏറ്റെടുക്കലിനുള്ള ആകെ ചിലവ് ഭരണാനുമതി തുകയായ 178,15,18,655/- രൂപയേക്കാൾ വർദ്ധിച്ച് 179,45,06,172/-രൂപ ആയിട്ടുണ്ടെന്നും അതിനാൽ സ്ഥലം ഏറ്റെടുക്കലിന് പുതുക്കിയ ഭരണാനുമതി നല്കണമെന്നും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) ചീഫ് എഞ്ചിനീയർ പരാമർ ശം ( 4 ) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച പുതുക്കിയ ചിലവ് കണക്കാക്കിയതിന്റെ സംഗ്രഹം ഇപ്രകാരമാണ്.

| എസ്റ്റിമേറ്റിന്റെ സംഗ്രഹം | | | |
|---|---|---|---|
| ക്രമ നം. | വിശദാംശങ്ങൾ | വിസ്തീർണ്ണം | സ്ഥലം ഏറ്റെടുക്കലിനാവശ്യമായ തുക (രൂപ) |
| 1 | നിലവിലെ ഭരണാനുമതി പ്രകാരമുള്ള നീലേശ്വരം - ചിത്താരി സ്ഥലം ഏറ്റെടുക്കൽ | 42.8483 ഹെ. | 1,75,44,98,529.00 |
| 2 | നിലവിലെ ഭരണാനുമതി പ്രകാരം നമ്പ്യാർക്കൽ ലോക്ക് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ | 1.3076 ഹെ. | 2,70,20,126.00 |
| 3 | ആകെ (01/12/2022 ലെ സ.ഉ.(കൈ.) നം.5/2022/സി.എസ്.ഐ.എൻ.ഡി പ്രകാരം) | 44.1559 ഹെ. | 1,78,15,18,655.00 |
| 4 | ബെല്ല വില്ലേജിൽ കുറവ് വരുന്ന സ്ഥല വിസ്തൃതി | (-) 1 .3505 ഹെ. | (-) 32072049.00 |
| 5 | അജാനൂർ, ഹോസ്ദുർഗ് വില്ലേജുകളിൽ അധികമായി ആവശ്യമുള്ള സ്ഥല വിസ്തൃതി | 0.5798 ഹെ. | 2,37,39,489.00 |
| 6 | നമ്പ്യാർക്കൽ ലോക്ക് കം റഗുലേറ്ററിന് അധികമായി ആവശ്യമുള്ള സ്ഥല വിസ്തൃതി | 1.0317 ഹെ. | 2,13,20,077.00 |
| | ആകെ | 44.4169 ഹെ. | **1,79,45,06,172.00** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മാണം, നമ്പ്യാർക്കൽ ലോക്ക് നിർ മ്മാണം എന്നിവയ്ക്കായി 44.156 ഹെ. ഭൂമി 1,78,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിരുന്നെങ്കിലും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം 44.4169 ഹെക്ടറായി വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റ് തുക 1,79,45,06,172 രൂപയായി വർദ്ധിപ്പിച്ച് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, പഴവീട് പി. ഒ., ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., X1/318 E, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്, കൊച്ചി എയർപോർട്ട് പി. ഒ., എറണാകുളം. 683 111
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ ഇൻഫ്രാസ്ട്രക്ചർ വകുപ്പ് (2227029/Infra7/2024/Fin)
റവന്യൂ(ബി) വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ്. (05.02.2025 ലെ ഇനം നമ്പർ 2658)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി( എ1/132/2024/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 11-02-2025 13:02:47
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-02-2025**

ഫയൽ നം. എ1/132/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2658

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - പശ്ചിമ തീര കനാൽ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം ചിത്താരി കൃത്രിമ കനാൽ നിർമ്മാണം, നമ്പ്യാർക്കൽ ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 44.156 ഹെ. ഭൂമി 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് നൽകിയ ഭരണാനുമതി 44.4169 ഹെ. ഭൂമി 179,45,06,172/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം എന്ന് പുതുക്കി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

US(CSIND)

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

6/2/25
S.S

06 FEB 2025

2658

**കേരള സർക്കാർ**
**[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 1/132/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്. |
| 3 | വിഷയം | : | പശ്ചിമ തീര കനാൽ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം ചിത്താരി കൃത്രിമ കനാൽ നിർമ്മാണം, നമ്പ്യാർക്കൽ ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 44.156 ഹെ. ഭൂമി 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് നല്കിയ ഭരണാനുമതി 44.4169 ഹെ.ഭൂമി 179,45,06,172/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം എന്ന് പുതുക്കി നല്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12/11/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ .ജെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/11/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/01/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/01/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/01/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. പശ്ചിമ തീര കനാൽ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം ചിത്താരി കൃത്രിമ കനാൽ നിർമ്മാണത്തിനും നമ്പ്യാർക്കൽ ലോക്ക് നിർമ്മാണത്തിനുമായി ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.
2. കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും, നമ്പ്യാർക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്ക് നിർമ്മിക്കുന്നതിനുമായി അജാനൂർ, ബെല്ല, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് വില്ലേജുകളിലായി ആകെ 44.156 ഹെക്ടർ സ്ഥലം ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 178,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് 30.11.2022 ലെ ഇനം നമ്പർ 1208 ആയി മന്ത്രിസഭായോഗം അംഗീകാരം നല്കിയതിൻ പ്രകാരം 01/12/2022 തീയതിയിലെ സർക്കാർ ഉത്തരവ് GO(Ms) No.5/2022/CSIND പ്രകാരം 178,15,18,655/- രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് റവന്യൂ വകുപ്പിന്റെ അംഗീകാരം 17.12.2022 - ലെ GO(Rt) No 5125/2022/RD ഉത്തരവ് വഴി ലഭിച്ചിട്ടുള്ളതുമാണ്.
3. ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ ശേഷം റവന്യൂ വകുപ്പ് ബെല്ല വില്ലേജിന്റെ റീസർവേ നമ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പഴയ സർവേ നമ്പറുകൾക്ക് പകരം റീസർവേ നമ്പറുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും, അജാനൂർ,ഹോസ്ദുർഗ്, വില്ലേജുകളിലെ ചില സർവേ നമ്പറുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അവ ഉൾപ്പെടുത്തണമെന്നും, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാകളക്ടർ ചുമതലപ്പെടുത്തിയ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ

തഹസിൽദാർ (യൂണിറ്റ് നം.3, LA - PWD കാസറഗോഡ്) പ്രാഥമിക സ്ഥലപരിശോധനക്ക ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൂടാതെ നമ്പ്യാർക്കൽ ലോക്ക് ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ ശരിയായ നിർമ്മാണത്തിനും ലോക്ക് ഓപ്പറേറ്റർമാരുടെ മുറിയും ജനറേറ്റർ റൂമും നിർമ്മിക്കുന്നതിനും കാഞ്ഞങ്ങാട് വില്ലേജിൽ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും അതിൻ പ്രകാരം വിശദമായ കണക്കുകൂട്ടലിൽ, മൊത്തം സ്ഥലം ഏറ്റെടുക്കലിനുള്ള ആകെ ചിലവ് ഭരണാനുമതി തുകയായ 178,15,18,655/- രൂപയേക്കാൾ അല്പം വർദ്ധിച്ച് 179,45,06,172/ ആയിട്ടുണ്ടെന്നും അതിനാൽ സ്ഥലം ഏറ്റെടുക്കലിന് പുതുക്കിയ ഭരണാനുമതി നല്കണമെന്നും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച പുതുക്കിയ ചിലവ് കണക്കാക്കലിന്റെ സംഗ്രഹം ഇപ്രകാരമാണ്.

| ABSTRACT OF LA ESTIMATE | | | |
|---|---|---|---|
| Sl No | Details | Area | LA Amount |
| 1 | As per original proposal for Neeleswaram - Chithari LA | 42.8483 Ha | 1,75,44,98,529.00 |
| 2 | As per original proposal for Nambiarkal Lock cum Regulator | 1.3076 Ha | 2,70,20,126.00 |
| 3 | Total (As per GO(Ms) No 05/2022 dated 01/12/2022 AS) | 44.1559 Ha | 1,78,15,18,655.00 |
| 4 | Deduction of area in Bella Village | (-) 1 .3505Ha | (-) 32072049.00 |
| 5 | Additional Area for Ajanur and Hosdurg Villages | 0.5798 Ha | 2,37,39,489.00 |
| 6 | Additional Area for Nambiarkal Lock cum Regulator | 1.0317 Ha | 2,13,20,077.00 |
| | TOTAL | 44.4169 Ha | **1,79,45,06,172.00** |

4. കിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

**'പശ്ചിമ തീര കനാൽ വികസനത്തിന്റെ ഭാഗമായി കാസർകോട് ജില്ലയിലെ നീലേശ്വരം ചിത്താരി കൃത്രിമ കനാൽ നമ്പ്യാർകൽ ലോക്ക് എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ഉത്തരവിലെ തുകയായ 178,15,18,655/- രൂപ എന്നത് 179,45,06,172/- രൂപയായി ഉയർത്തി നൽകുന്നത് അംഗീകരിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.'**

5. പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസലിന് അംഗീകാരം നല്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മാണം, നമ്പ്യാർക്കൽ ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 44.156 ഹെ. ഭൂമി 1,78,15,18,655/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് നല്കിയ ഭരണാനുമതി, ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം 44.4169 ഹെക്ടറായി വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റ് തുക 1,79,45,06,172 രൂപയായി വർദ്ധിപ്പിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കാമോ?